(സി) പ്രത്യേക ദൗത്യസംഘം രൂപീകരിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

ഭൂമികേരളം പദ്ധതിയിൽ കണ്ണൻദേവൻ ഹിൽസ് ഉൾപ്പെടുത്താൻ നടപടി

145 (3907) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമികേരളം പദ്ധതിയിലെ നൂതന സംവിധാനം അനുസരിച്ച് ദിവസം എത്ര ഹെക്ടർ സ്ഥലം റീസർവ്വേ നടത്താൻ സാധിക്കുന്നുണ്ട് ;

(ബി) കണ്ണൻദേവൻ ഹിൽസിലെ ഭൂമി ഒന്നിൽ കൂടുതൽ തവണ റീസർവ്വേ നടത്താനുള്ള കാരണങ്ങൾ എന്തെല്ലാം ;

(സി) റീസർവ്വേ നടത്തി പ്രസ്തുത ഭൂമിയുടെ ഫൈനൽ നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത ഭൂമി, ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് റീസർവ്വേ നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മോഡേൺ സർവ്വേ പ്രകാരം തുറസ്സായ സ്ഥലത്ത് മൂന്നുപേരുള്ള ഒരു ടീമിന് ഒരു ദിവസം ഒരു ഹെക്ടർ ഫീൽഡുജോലികളും അനുബന്ധ മാപ്പിംഗ് ജോലികളും പൂർത്തിയാക്കുവാൻ കഴിയും. ഠൗൺ ഏരിയ ആയാൽ 20-നും 25-നും ഇടയ്ക്കുള്ള സബ്ഡിവിഷനുകൾ അല്ലെങ്കിൽ 100 പ്രിസം പോയിന്റ് പൂർത്തിയാക്കുവാൻ കഴിയും.

(ബി-ഡി) കെ.ഡി.എച്ച് വില്ലേജിൽ ഒന്നിൽ കൂടുതൽ തവണ പൂർണ്ണമായ റീസർവ്വേ നടത്തിയിട്ടില്ല.

(ഇ) ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കേന്ദ്ര സർവ്വകലാശാലയുടെ സ്ഥലമെടുപ്പ്

146 (3910) ശ്രീ. സി. എച്ച് കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ആരംഭിച്ച കേന്ദ്ര സർവ്വകലാശാലയുടെ സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഏതൊക്കെ സ്ഥലങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) സർവ്വകലാശാല അധികൃതർ ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ചു എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ആരംഭിച്ച കേന്ദ്ര സർവ്വകലാശാലയുടെ സ്ഥലമെടുപ്പ് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഹോസ്ദുർഗ് താലൂക്കിലെ കരിന്തളം, മടിക്കൈ, അമ്പലത്തറ എന്നീ സ്ഥലങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളത്.

(സി) ഹോസ്ദുർഗ് താലൂക്കിലെ കരിന്തളം, അമ്പലത്തറ, മടിക്കൈ എന്നീ സ്ഥലങ്ങൾ കൂടാതെ പെരിയയും കേന്ദ്രസംഘം സന്ദർശിച്ചു. അവർ തീരുമാനം അറിയിച്ചിട്ടില്ല.

താരിഫ് വില നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കാൻ സ്ഥിരം അദാലത്ത് സംവിധാനം

147 (3914) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ താരിഫ് വില നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കാൻ സ്ഥിരം അദാലത്ത് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ബി) വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർ നൽകുന്ന വില സർട്ടിഫിക്കറ്റ് അംഗീകരിച്ച് രജിസ്ട്രേഷൻ നടത്താൻ ഉത്തരവ് നൽകുമോ ; ചില ഉദ്യോഗസ്ഥർ ഇതു സ്വീകരിക്കാൻ വൈമനസ്യം കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വില നിശ്ചയിക്കാനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് ഓരോ വില്ലേജിലെയും വസ്തുക്കൾക്ക് സർവ്വേ, സബ് ഡിവിഷൻ, പ്രാധാന്യം, വഴി ഇല്ലാത്തത് എന്നിങ്ങനെ വിഭജിച്ച് ലിസ്റ്റ് കാര്യക്ഷമമാക്കുമോ ;

(ഡി) രണ്ടിൽ കൂടുതൽ വില്ലേജുകൾ ചേരുന്ന ഭാഗങ്ങൾ കൂട്ടായി പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കുമോ ;

(ഇ) മോണിറ്ററിംഗ് കമ്മിറ്റി ആവശ്യമെങ്കിൽ വാർഡുതലത്തിൽ കൂടി രൂപീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള മുദ്രപ്പത്രനിയമം 28(എ)(1) വകുപ്പനുസരിച്ച് സംസ്ഥാനത്ത് ഭൂമിയെ സംബന്ധിച്ച രേഖകൾ രജിസ്റ്റർ ചെയ്യുമ്പോൾ ചുമത്തേണ്ട മുദ്രവില നിർണ്ണയിക്കുന്നതിനായി ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അതനുസരിച്ച് ബന്ധപ്പെട്ട ആർ.ഡി.ഒ.മാർ 1995-ലെ കേരള മുദ്രപ്പത്ര (ഭൂമിയുടെ ന്യായവില നിർണ്ണയം) ചട്ടങ്ങൾക്ക് വിധേയമായി ഭൂമിയുടെ അന്തിമ ന്യായവില നിശ്ചയിക്കുകയും 6-3-2010-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 515 പ്രകാരം വിജ്ഞാപനം ചെയ്യുകയും, കേരള മുദ്രപ്പത്ര നിയമത്തിൽ വരുത്തിയ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly